# പൊതുവിദ്യാഭ്യാസ വകുപ്പ്- കേരളം

## അവധിക്കാല അധ്യാപക പരിശീലനം

## വിനിമയം ചെയ്ത ആശയങ്ങൾ -ധാരണകൾ

## ക്ലാസ്റൂം പ്രതിഫലനങ്ങൾ

## രണ്ടാംതരം - ഉദ്ഗ്രഥനം

## ക്ലാസ് രണ്ട്
## ഉദ്ഗ്രഥനം

| അവധിക്കാല പരിശീലനം - ഊന്നൽ മേഖല/ ധാരണകൾ/ ആശയങ്ങൾ | ക്ലാസ് റൂം പ്രതിഫലനം |
|---|---|
| **ഭാഷ**<br>1. **ആശയഗ്രഹണ വായന ശക്തിപ്പെടുത്തൽ**<br>• രണ്ടാം ക്ലാസ് കുട്ടിയുടെ നിലവാരത്തിന് അനുയോജ്യമായ വായന സാമഗ്രികൾ ശേഖരിക്കൽ / നിർമിക്കൽ<br>• കുട്ടി വായന ഏറ്റെടുക്കുന്നതിനാവശ്യമായ പ്രചോദനാത്മമക സന്ദർഭം സൃഷ്ടിക്കൽ<br>• വായനസാമഗ്രികൾ വായിച്ച് ഗ്രഹിക്കുന്നതിന് പിന്തുണ നൽകൽ | • യൂണിറ്റിന് / നിലവാരത്തിന് അനുയോജ്യമായ വായനസാമഗ്രികൾ ശേഖരിച്ചും നിർമിച്ചും ലഭ്യമാക്കിയിട്ടുണ്ട്. -കൊച്ചു പുസ്തകങ്ങൾ, ചിത്രപുസ്തകങ്ങൾ, ചിത്രചാർട്ടുകൾ, വായനക്കാർഡുകൾ തുടങ്ങിയവ<br>• ഒന്നാം യൂണിറ്റിന് അനുയോജ്യമായ വായന സാമഗ്രികളോടുകൂടിയ വായനാമൂല ആകർഷകമായ രീതിയിൽ സജ്ജീകരിച്ചിട്ടുണ്ട്<br>• ഓരോ കുട്ടിയും ഏതാനും പുസ്തകങ്ങൾ വായിച്ചിട്ടുണ്ട് -(കുട്ടികളുമായി അഭിമുഖം നടത്താം)<br>• വായനയെ പ്രചോദിപ്പിക്കാൻ അധ്യാപിക വിവിധ തന്ത്രങ്ങൾ ഉപയോഗിച്ചിട്ടുണ്ട് - റോൾപ്ലേ, സ്കിറ്റ്, പുസ്തകത്തിലെ അകം പുറം ചിത്രങ്ങൾ, പുറംതാൾ കുറിപ്പ്, സന്ദർഭങ്ങൾ വായിച്ചു കേൾപ്പിക്കൽ, പുസ്തക ക്വിസ് മുതലായവ<br>• വായനയുടെ ഭാഗമായ രേഖപ്പെടുത്തലുകൾ ഉണ്ട് - ടി എം ൽ, കുട്ടിയുടെ നോട്ടുബുക്കിൽ, ചുമർ പത്രികയിൽ<br>• വായനയുടെ ഭാഗമായി ചിത്രങ്ങൾ, വായനക്കുറിപ്പുകൾ, മോഡലുകൾ എന്നിവ തയ്യാറാക്കിയിട്ടുണ്ട്<br>• മികച്ച ഉൽപ്പന്നങ്ങൾ എസ് ആർ ജി, ക്ലാസ് പി ടി എ, അസംബ്ലി എന്നിവയിൽ അവതരിപ്പിച്ചിട്ടുണ്ട് (എസ് ആർ ജി, സി പി ടി എ മിനുട്സ് )<br>• വീട്ടിൽ നിന്നുള്ള വായന പിന്തുണ ലഭിച്ചിട്ടുണ്ട് |
| 2. **ലേഖന പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ**<br>• ലേഖന പ്രശ്നങ്ങൾ തിരിച്ചറിയൽ<br>• പ്രശ്നകാരണങ്ങൾ അപഗ്രഥിക്കൽ<br>• പരിഹാര പ്രവർത്തനങ്ങൾ കണ്ടെത്തി പ്രയോഗിക്കൽ | • കുട്ടികളുടെ നോട്ടുബുക്ക് പരിശോധിച്ച് എഴുത്തിൽ വരുത്തുന്ന പ്രശ്നങ്ങൾ തിരിച്ചറിഞ്ഞ് രേഖപ്പെടുത്തിയിട്ടുണ്ട് - ആലേഖനത്തിൽ വരുത്തുന്ന തെറ്റ്, അക്ഷരങ്ങൾ ഒട്ടും എഴുതാനറിയില്ല, ചില അക്ഷരങ്ങൾ മാത്രം അറിയാം, ചിഹ്നങ്ങൾ ചേർത്തെഴുതുമ്പോൾ വരുന്ന തെറ്റുകൾ, ചില പദങ്ങൾ മാത്രം തെറ്റു വരുത്തുന്നു (വിജാരിച്ചു, ബാലൻ (വാലൻ), ഭരണി (വരണി), വാക്യഘടനയിൽ തെറ്റുവരുത്തുന്നു, വ്യവഹാരരൂപങ്ങളുടെ എഴുത്തു ഘടന പാലിക്കാൻ കഴിയുന്നില്ല<br>• എഴുത്തിലെ പ്രശ്നങ്ങൾ കുട്ടിയെയും രക്ഷിതാവിനെയും രേഖപ്പെടുത്തിയും പറഞ്ഞും ബോധ്യപ്പെടുത്തിയിട്ടുണ്ട് - കുട്ടിയുടെ നോട്ടുബുക്കിൽ -സി പി ടി എ വഴി - വ്യക്തിഗതമായി-ഡയറി വഴി<br>• ടി എം ന്റെ പ്രക്രിയ, വിലയിരുത്തൽ, റിഫ്ലക്ഷൻ എന്നിവയിൽ ലേഖനവുമായി ബന്ധപ്പെട്ട രേഖപ്പെടുത്തലുകൾ ഇനം തിരിച്ച് രേഖപ്പെടുത്തിയിട്ടുണ്ട് - അക്ഷരം, ചിഹ്നം, വാക്യഘടന, |

| | |
|---|---|
| | വ്യവഹാരരൂപം...<br>• ലേഖന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുതകുന്ന വായനക്കാർഡുകൾ, വർക്ക് ഷീറ്റുകൾ , ചാർട്ടുകൾ തുടങ്ങിയവ തയ്യാറാക്കിയിട്ടുണ്ട്<br>• വ്യക്തിഗതമായ പിന്തുണ നൽകിയിട്ടുണ്ട് / നൽകുന്നുണ്ട്<br>• കഠിന പദങ്ങൾ, വാക്യഘടന, പ്രാദേശിക ഭാഷാസ്വാധീനം എന്നിവ കാരണം വരുത്തുന്ന പൊതുവായ ലേഖന പ്രശ്നങ്ങൽ അധ്യാപിക ശ്രദ്ധിക്കുന്നുണ്ട്<br>• എഴുത്തിൽ വരുന്ന പ്രധാന പ്രശ്നങ്ങൾ എസ് ആർ ജിയിൽ അവതരിപ്പിച്ച് പരിഹാരങ്ങൾ തേടിയിട്ടുണ്ട് - അക്ഷരഘടന പാലിച്ച് എഴുതുന്നതിനുള്ള അനുഭവങ്ങൾ നൽകൽ, സ്വര വ്യഞ്ജന ബന്ധം തിരിച്ചറിയുന്നതിനുള്ള പ്രവർത്തനങ്ങൾ , അക്ഷര കളികൾ, ആഭരണമണിയിക്കൽ..), വാക്യവൈചിത്ര്യങ്ങൾ തിരിച്ചറിയൽ കളി ( ഹായ്. എന്തു മനോഹരം ഈ ചിത്രശലഭം - ഈ ചിത്രശലഭം എന്തു മനോഹരമാണ്? ചിത്രശലഭമേ നിന്നെക്കാണാൻ എന്തു മനോഹരമാണ്.)<br>• രക്ഷിതാവിനെ സി പി ടി എയിലും അല്ലാതെയും പ്രശ്നങ്ങൾ ബോധ്യപ്പെടുത്തുകയും പരിഹാരപ്രവർത്തനങ്ങൾ വീട്ടിൽ ചെയ്യുന്നതിന് നിർദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട് |
| **പരിസരപഠനം** | |
| **3. പരിസരപഠന ക്ലാസിലെ പഠനപ്രക്രിയ മെച്ചപ്പെടുത്തൽ**<br>• പഠനനേട്ടങ്ങളെ വ്യാഖ്യാനിച്ച് കൃത്യതപ്പെടുത്തൽ<br>• പ്രക്രിയാശേഷികളുടെ വികാസം (നിരീക്ഷണം, പരീക്ഷണം, തരംതിരിക്കൽ, അപഗ്രഥിക്കൽ, നിഗമനം രൂപീകരിക്കൽ) ബോധ്യപ്പെടൽ<br>• നിരീക്ഷണക്കുറിപ്പ് മെച്ചപ്പെടുത്തൽ | • ഓരോ പഠനനേട്ടവും ടീച്ചർ ടെക്സ്റ്റിനെ ആധാരമാക്കി വ്യാഖ്യാനിക്കാൻ അധ്യാപികയ്ക്ക് കഴിയുന്നുണ്ട് (ടി എം ൽ ദൃശ്യമാണ്)<br>• വ്യാഖ്യാനത്തിനനുയോജ്യമായ പ്രവർത്തനങ്ങൾ സൂക്ഷ്മ പ്രക്രിയ പാലിച്ച് രേഖപ്പെടുത്തിയിട്ടുണ്ട്<br>• പ്രക്രിയാശേഷികൾ വികസിക്കുന്ന രീതിയിൽ ക്ലാസ് റൂം പ്രവർത്തനങ്ങൾ വിന്യസിച്ചിട്ടുണ്ട്<br>• യൂണിറ്റിന് അനുയോജ്യമായ പട്ടികകൾ, നിരീക്ഷണ പരീക്ഷണക്കുറിപ്പുകൾ, ചിത്രങ്ങൾ , താരതമ്യക്കുറിപ്പ്... കുട്ടികളുടെ നോട്ടുബുക്കിൽ ദൃശ്യമാണ്<br>• ചാർട്ടുകൾ പഠനസാമഗ്രികൾ എന്നിവ പ്രദർശിപ്പിച്ചിട്ടുണ്ട്<br>• നിരീക്ഷണം സൂക്ഷ്മമാകുന്നതിനുള്ള ചർച്ചകൾ ക്ലാസിൽ നടന്നിട്ടുണ്ട്. ഉദാ -ചെറിയ ചെറിയ ചോദ്യങ്ങൾ ചോദിക്കുന്നു. വ്യക്തിഗത കുറിപ്പുകളും മെച്ചപ്പെടുത്തിയ കുറിപ്പുകളും നോട്ടുബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. നിരീക്ഷണക്കുറിപ്പ് മെച്ചപ്പെടുത്തുന്നതിനുതകുന്ന ചർച്ചകൾ (സൂചകങ്ങൾ, ഭാഷ, എഴുത്തു രീതി) നടത്തിയിട്ടുണ്ട്. ((കുട്ടികൾക്ക് നൽകിയ നിർദേശങ്ങൾ എന്തൊക്കെ? എന്തൊക്കെയാണ് നിരീക്ഷിക്കേണ്ടത്? നിരീക്ഷിച്ചവയുടെ സവിശേഷതകൾ എന്തൊക്കെ? എപ്പോഴാണ് നിരീക്ഷിച്ചത്?) |
| **4. നോട്ടുബുക്ക് മെച്ചപ്പെടുത്തൽ**<br>• നോട്ടുബുക്കുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ | • നിലവിലുള്ള നോട്ടുബുക്കിലെ പ്രശ്നങ്ങൾ തിരിച്ചറിഞ്ഞ് പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ക്രമീകരിച്ചിട്ടുണ്ട്. - ആകർഷകമല്ല, കൃത്യമായ രേഖപ്പെടുത്തൽ നടത്തുന്നില്ല, അധ്യാപികയുടെ |

| | |
|---|---|
| തിരിച്ചറിയൽ<br>• കാരണങ്ങൾ തിരിച്ചറിയൽ<br>• പരിഹാര പ്രവർത്തനങ്ങൾ തിരിച്ചറിഞ്ഞ് പ്രയോഗിക്കൽ<br>• എസ് ആർ ജി, സി പി ടി എ എന്നിവയിൽ പഠനത്തെളിവുകളെന്ന നിലയിൽ ഉപയോഗിക്കൽ | വിലയിരുത്തൽ കുറവ്, പ്രക്രിയ തിരിച്ചറിയുന്നില്ല, പ്രക്രിയാനുബന്ധ രേഖപ്പെടുത്തലുകൾ നന്നേ കുറവ്, തലക്കെട്ടില്ല, ചോദ്യങ്ങളില്ല, ആശയപൂർണതയില്ല, പേജ് നമ്പർ , തീയതി എന്നിവയില്ല<br>• അധ്യാപികയുടെ ടി എം ൽ കുട്ടിയുടെ നോട്ടുബുക്കിലേക്ക് വരേണ്ട കാര്യങ്ങളുടെ സൂചന രേഖപ്പെടുത്തിയിട്ടുണ്ട്<br>• വ്യക്തിഗതം, ഗ്രൂപ്പ്, അധ്യാപികയുടെ ഇടപെടൽ എന്നിവയുടെ രേഖപ്പെടുത്തലുകൾ ഉണ്ട്<br>• ഗുണാത്മക വിലയിരുത്തൽ നോട്ടുബുക്കിൽ നടത്തിയിട്ടുണ്ട്<br>• നോട്ടുബുക്കിന്റെ സവിശേഷത കുട്ടികളുമായി ചർച്ച ചെയ്ത് സ്വന്തം നോട്ടുബുക്ക് മെച്ചപ്പെടുത്തിയിട്ടുണ്ട്<br>• കുട്ടികളുടെ സഹകരണത്തോടെ വികസിപ്പിച്ച നോട്ടുബുക്ക്<br>• മാതൃക ചാർട്ടിൽ പ്രദർശിപ്പിച്ചിട്ടുണ്ട് - പേജ് നമ്പർ, തീയതി, തലക്കെട്ട്, ഉള്ളടക്കം (ആശയം, പ്രക്രിയാബന്ധിത രേഖപ്പെടുത്തൽ,എഡിറ്റ് ചെയ്ത് മെച്ചപ്പെടുത്തൽ), ചിത്രങ്ങൾ, ആവശ്യമായ നിറം, ഗുണാത്മക വിലയിരുത്തൽ...<br>• എസ് ആർ ജി , സി പി ടി എ എന്നിവയിൽ കുട്ടികളുടെ പഠനത്തെളിവ് എന്ന നിലയിൽ നോട്ടുബുക്കുകൾ പ്രയോജനപ്പെടുത്തിയിട്ടുണ്ട്- എസ് ആർ ജി യിൽ പങ്കുവെക്കൽ, ചർച്ച, സി പി ടി എയിൽ പ്രദർശിപ്പിച്ച് ചർച്ച നിർദേശങ്ങൾ |

**ട്രൈ ഔട്ട്**

**ഭാഷ**

1. കുട്ടികളെ പുസ്തകം വായിക്കാൻ പ്രേരിപ്പിക്കു വിധം വിവിധ തന്ത്രങ്ങൾ ഉപയോഗിച്ച് (ചിത്രവായന, റോൾപ്ലേ, സ്കിറ്റ്, ക്വിസ്, സന്ദർഭ സൂചന നൽകൽ, ചോദ്യങ്ങൾ ചോദിക്കൽ...) പ്രചോദനാത്മക സന്ദർഭങ്ങൾ സൃഷ്ടിക്കൽ
2. കുട്ടികളുടെ നിലവാരത്തിന് അനുയോജ്യമായ വിവിധതരം വായനക്കാർഡുകൾ തയ്യാറാക്കി വായന മെച്ചപ്പെടുത്തൽ
3. അക്ഷരങ്ങൾ, ചിഹ്നങ്ങൾ, പദങ്ങൾ എന്നിവയിൽ വരുന്ന തെറ്റുകൾ കണ്ടെത്തി പരിഹാര പ്രവർത്തനങ്ങൾ നടപ്പിലാക്കൽ -ലേഖനങ്ങളിൽ മികവുനേടൽ

**പരിസരപഠനം**

1. ശാസ്ത്ര പഠനത്തിന്റെ രീതി ഉൾക്കൊണ്ട് വസ്തുനിഷ്ഠമായി നിരീക്ഷണക്കുറിപ്പുകൾ തയ്യാറാക്കൽ
2. പഠനപ്രക്രിയ ഉൾക്കൊള്ളുന്ന രീതിയിൽ നോട്ടുബുക്കുകൾ ആകർഷകമായി തയ്യാറാക്കൽ
3. കലാപഠനവുമായി ഉദ്ഗ്രഥിക്കൽ